ഉത്തരം

ഏർപ്പെടുത്തിയിട്ടുണ്ട്. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷൻ ട്രെയിനിംഗിന്റെ അഫിലിയേഷൻ ലഭിച്ച സർക്കാർ ഐ. ടി. ഐ.കളുടെയും സ്വകാര്യ ഐ. ടി. സി. കളുടെയും പരിശീലന നിലവാരം ഉറപ്പുവരുത്തുന്നതിനായി വ്യാവസായിക പരിശീലനവകുപ്പിന്റെ കീഴിലുള്ള നാല് മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ പരിശോധന നടത്തി മേൽ നടപടികൾ സ്വീകരിക്കുന്നു. കൂടാതെ ടി സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനായി എൻ. സി. വി. ടി.യുടെ പ്രതിനിധിയും വ്യാവസായിക പരിശീലനവകുപ്പിലെ ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു സംഘം വർഷംതോറും ടി സ്ഥാപനങ്ങളിൽ ജോയിന്റ് ഇവാലുവേഷൻ നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

ഐ.ടി.ഐ.കളിൽ നിന്നും പരിശീലനം നേടുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

54 [1836] ശ്രീ. എ. യൂനസ് കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി.ഐ. പ്രവേശനത്തിനുള്ള യോഗ്യതകൾ വിശദീകരിക്കുമോ ;

(ബി) ഐ.ടി.ഐ.കളിൽ നിന്ന് പരിശീലനം നേടുന്നവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത് ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രീഡിഗ്രി / മെട്രിക്കുലേഷൻ /എസ്. എസ്. എൽ. സി. ജയിച്ചവർക്ക് മെട്രിക് ട്രേഡുകളിലേക്കും, എസ്.എസ്.എൽ.സി. തോറ്റവർക്ക് നോൺമെട്രിക് ട്രേഡുകളിലേക്കും പ്രവേശനം നേടാവുന്നതാണ്. ഇതിൽ ഏകവത്സര കോഴ്സും ദ്വിവത്സര കോഴ്സും ത്രീവത്സര കോഴ്സും ഉൾപ്പെടും. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയ്ക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. കമ്പ്യൂട്ടർ കോഴ്സിന് കണക്ക്, സയൻസ് കോമേഴ്സ് വിഷയങ്ങളിൽ പ്രീഡിഗ്രിയോ, തത്തുല്യ പരീക്ഷയോ പാസായിരിക്കണം. സെക്രട്ടേറിയൽ പ്രാക്ടീസ്, സ്റ്റെനോ ഗ്രാഫി (ഇംഗ്ലീഷ്/ഹിന്ദി) എന്നീ ട്രേഡുകൾക്ക് എസ്.എസ്.എൽ.സി.ക്ക് ആകെ കിട്ടിയമാർക്കാണ് മാനദണ്ഡമായി എടുക്കുന്നത്.

(ബി) പരിശീലനം സൗജന്യമാണ്. കൂടാതെ ആവശ്യമായ ട്രേഡുകളിൽ വർക്ഷോപ്പ് ഡ്രസും സൗജന്യമായി നൽകുന്നു. 30 ശതമാനം പരിശീലകർക്ക് ഹോസ്റ്റലിൽ താമസ സൗകര്യം നൽകുന്നു. ഓരോ ഐ.ടി.ഐ. കളിലും 50% പരിശീലകർക്ക് 40 രൂപ വീതം വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ സ്റ്റൈപന്റ് നൽകിവരുന്നു. (വരുമാന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളെക്കൊണ്ട് സാക്ഷ്യപ്പെടുത്തി പ്രിൻസിപ്പാളിന് നൽകേണ്ടതാണ്). അർഹതയുള്ള പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് ഹരിജൻ/ഗിരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ നിന്നും സ്റ്റൈപന്റ് നൽകുന്നുണ്ട്. പഠനയാത്രയ്ക്ക് ഓരോ ട്രെയിക്കും പരിശീലന കാലയളവിൽ ഒരിക്കൽ 150 രൂപ നിരക്കിൽ നൽകിവരാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly